ദേശീയ വാട്ടർ ഷെഡ് പദ്ധതി

141 [2760] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ വാട്ടർഷെഡ് പദ്ധതി ഇടുക്കി ജില്ലയിൽ 2003-04 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെയെന്നും, ഏതെല്ലാം പഞ്ചായത്തുകളിലാണെന്നും വ്യക്തമാക്കുമോ;

(സി) ഇതിനായി എത്ര തുക ചെലവഴിച്ചു;

(ഡി) ജില്ലയിൽ വരൾച്ച രൂക്ഷമായി ബാധിക്കുന്ന നെടുങ്കണ്ടം ബ്ലോക്കിലെ തമിഴ്നാട് അതിർത്തി ഗ്രാമങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; നിലവിൽ എത്ര പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്; ഇതിനായി എത്ര തുക ചെലവഴിച്ചു?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇടുക്കി ജില്ലയിൽ കാന്തല്ലൂർ, പാലാർ, കരിമണ്ണൂർതോട് എന്നീ വാട്ടർഷെഡുകളിൽ പദ്ധതി നടപ്പിലാക്കിവരുന്നു.

പാലാർ നീർമറി പദ്ധതി നെടുങ്കണ്ടം പഞ്ചായത്തിലും കാന്തല്ലൂർ പദ്ധതി കാന്തല്ലൂർ, മറയൂർ എന്നീ പഞ്ചായത്തുകളിലും കരിമണ്ണൂർ തോട് നീർമറി പദ്ധതി കരിമണ്ണൂർ, ഇടവെട്ടി, കൊടിക്കുളം, ഇലക്കോട് എന്നീ പഞ്ചായത്തുകളിലുമായാണ് നടപ്പിലാക്കി വരുന്നത്.

(സി) 51.62 ലക്ഷം രൂപ.

(ഡി) ദേശീയ നീർമറി വികസന പദ്ധതിയിൻ കീഴിൽ നെടുങ്കണ്ടം ബ്ലോക്കിൽ നെടുങ്കണ്ടം പഞ്ചായത്തിൽ പാലാർ വാട്ടർഷെഡിൽ 2575 ഹെക്ടർ പ്രദേശം സംരക്ഷിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. ഇതിനായി 1.42 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നാളിതുവരെ 19,59,272 രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly